# <u>കേരള സർവകലാശാല</u>

40676/2019/UOK

തിരുവനന്തപുരം

10.10.2026

## വിജ്ഞാപനം

കേരള സർവകലാശാലയുടെ ട്രാൻസ്‌പോർട്ട് വിഭാഗത്തിൽ ദിവസവേതന അടിസ്ഥാനത്തിൽ കണ്ടക്ടർമാരുടെ ഒരു പാനൽ തയ്യാറാക്കുന്നതിനായി, യോഗ്യതയുള്ള ഉദ്യോഗാർത്ഥികളിൽ നിന്ന് ഓൺലൈൻ അപേക്ഷകൾ ക്ഷണിക്കുന്നു.

| | |
|---|---|
| 1. | തസ്തികയുടെ പേര്: **കാഷ്വൽ കണ്ടക്ടർ** |
| 2. | ഒഴിവുകളുടെ എണ്ണം: **ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക്** |
| 3. | വിദ്യാഭ്യാസ യോഗ്യത: **എസ്.എസ്.എൽ.സി.** / തത്തുല്യമായ യോഗ്യത. |
| 4. | സാങ്കേതിക യോഗ്യത: മോട്ടോർ വാഹന വകുപ്പ് അനുവദിച്ച സാധുവായ **കണ്ടക്ടർ ലൈസൻസ്** ഉണ്ടായിരിക്കണം. |
| 5. | പ്രായപരിധി: 01.01.2026-ന് **40 വയസ്സ് കവിയരുത്.**<br>(എസ്.സി./എസ്.ടി., ഒ.ബി.സി. വിഭാഗങ്ങളിൽപ്പെടുന്ന ഉദ്യോഗാർത്ഥികൾക്ക് നിലവിലുള്ള ചട്ടങ്ങൾ പ്രകാരമുള്ള പ്രായപരിധി ഇളവ് ലഭിക്കുന്നതാണ്.) |
| 6. | ശാരീരിക യോഗ്യത:<br>• ഉയരം: കുറഞ്ഞത് **158 സെ.മീ.**<br>• നെഞ്ചളവ്: കുറഞ്ഞത് **76 സെ.മീ.**<br>• **ശാരീരിക വൈകല്യമുള്ളവർ അപേക്ഷിക്കാൻ അർഹരല്ല.** |
| 7. | **വേതനം:** പ്രതിദിനം **₹710/-** നിരക്കിൽ, പ്രതിമാസം പരമാവധി **₹19,170/-** |
| 8. | നിയമനത്തിന്റെ സ്വഭാവം: **ദിവസവേതന (89 ദിവസത്തേക്ക്)** അടിസ്ഥാനത്തിലുള്ള നിയമനം. |
| 9. | **അപേക്ഷാ ഫീസ്:** ജനറൽ വിഭാഗത്തിലെ ഉദ്യോഗാർത്ഥികൾക്ക് **₹250/-**, എസ്.സി./എസ്.ടി. വിഭാഗത്തിലെ ഉദ്യോഗാർത്ഥികൾക്ക് **₹125/-**.<br>**(അപേക്ഷ സമർപ്പിക്കുന്ന സമയത്ത് ഓൺലൈൻ പേയ്മെന്റ് മുഖേന മാത്രം ഫീസ് അടയ്ക്കണം.)** |
| 10. | ഓൺലൈൻ അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി: 28.10.2026, വൈകുന്നേരം |

Draft #20 of File 40676/2019/UOK (PART-II) Approved by Registrar(i/c) on 10-Oct-2026 11:29 PM - Page 1

| | |
|---|---|
| | 5.00 മണി. |
| 11. | **അപേക്ഷ സമർപ്പിക്കുന്ന രീതി:** ഉദ്യോഗാർത്ഥികൾ https://recruit.keralauniversity.ac.in/homePage എന്ന വെബ്സൈറ്റിൽ പ്രവേശിച്ച് ഓൺലൈനായി അപേക്ഷ സമർപ്പിക്കേണ്ടതാണ്. |

**ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**

1. എല്ലാ ഉദ്യോഗാർത്ഥികൾക്കും സാധുവായ E-mail ID ഉണ്ടായിരിക്കണം. അഭിമുഖ അറിയിപ്പ്, നിയമന ഉത്തരവ് തുടങ്ങിയ എല്ലാ അറിയിപ്പുകളും ഇ-മെയിൽ വഴിയായിരിക്കും നൽകുക.
2. അസിസ്റ്റന്റ് സിവിൽ സർജൻ റാങ്കിൽ താഴെയല്ലാത്ത സർക്കാർ മെഡിക്കൽ പ്രാക്ടീഷണറിൽ നിന്നുള്ള നിർദ്ദിഷ്ട മാതൃകയിലുള്ള ശാരീരിക ക്ഷമതാ സർട്ടിഫിക്കറ്റ് (കാഴ്ച പരിശോധന ഉൾപ്പെടെ) ഹാജരാക്കേണ്ടതാണ്.
3. അപേക്ഷ പൂരിപ്പിക്കുന്ന സമയത്ത് ബന്ധപ്പെട്ട സർട്ടിഫിക്കറ്റുകൾ/രേഖകൾ അപ്‌ലോഡ് ചെയ്യേണ്ടതാണ്. തുടർന്ന്, അഭിമുഖ സമയത്ത് പ്രസ്തുത സർട്ടിഫിക്കറ്റുകളുടെ ഒറിജിനൽ രേഖകളും സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും (Self-attested copies) ഹാജരാക്കേണ്ടതാണ്.
4. അപേക്ഷയുടെ ഹാർഡ് കോപ്പി സർവകലാശാലയിലേക്ക് അയയ്ക്കേണ്ടതില്ല.
5. കൂടുതൽ വിവരങ്ങൾക്ക്:

ഫോൺ: 0471-2386209

ഇ-മെയിൽ: [ada4a@keralauniversity.ac.in]

**നിയമന വ്യവസ്ഥകളും നിബന്ധനകളും**

1. നിയമനം സർവകലാശാലയിൽ തസ്തികയിൽ ഒഴിവ് വരുന്ന സമയത്ത് മാത്രമായിരിക്കും.
2. തിരഞ്ഞെടുക്കപ്പെടുന്ന അപേക്ഷകർ സർവകലാശാലയിൽ ജോലിയിൽ ഏർപ്പെട്ടിരിക്കുമ്പോൾ പ്രത്യക്ഷമായോ പരോക്ഷമായോ മറ്റ് ജോലികളിൽ ഏർപ്പെടാൻ പാടില്ല.
3. അപേക്ഷ ക്ഷണിച്ചിരിക്കുന്ന തസ്തിക താൽക്കാലികം മാത്രമായിരിക്കും. തിരഞ്ഞെടുക്കപ്പെടുന്ന അപേക്ഷകർക്ക് സ്ഥിരനിയമനത്തിനോ, പെൻഷൻ ആനുകൂല്യങ്ങൾക്കോ, പുനർനിയമനത്തിന് മുൻഗണനയ്ക്കോ അർഹത ഉണ്ടായിരിക്കുന്നതല്ല.

**രജിസ്ട്രാർ**

Draft #20 of File 40676/2019/UOK (PART-II) Approved by Registrar(i/c) on 10-Oct-2026 11:29 PM - Page 2

The document is digitally approved. Hence signature is not needed.

# PHYSICAL FITNESS CERTIFICATE

(Rule 13 Part 1KSR)
[G.O. (P) No. 20/2011/P&ARD dated 30/06/2011]

I do hereby certify that I have examined Shri/Smt…………………………….....................

……………………………………………………………………………………………………

……………………………………………………………………………………………………

a candidate for employment in the ……………………………………………………………..

department and cannot discover that he/she has any disease, bodily or constitutional affection except……………………………………………………………………………..…………...

I do not consider this a disqualification for the post of…………………………………….…

………………………………….....His/Her age is according to his/her own statement is…………………years and by appearance ………………….years.

He/She has normal distant vision (……………………………………………….……………..…..)

and he/she is free from colour blindness.

He/She has been vaccinated/re-vaccinated or bears marks of successful vaccination.

Identification marks:

1.

2.

Left hand thumb impression

*Physical Measurement:

| | |
|---|---|
| Height | : |
| Weight | : |
| Chest- Normal | : |
| Expanded | : |

Signature of Medical Officer

*In the case of Posts such as Police Constable, Excise Guard, Forest Guard, Jail Warder etc.

Draft #20 of File 40676/2019/UOK (PART-II) Approved by Registrar(i/c) on 10-Oct-2026 11:29 PM - Page 3